**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2272** **12-02-2024 - ൽ മറുപടിയ്ക്ക്**

**മല്ലപ്പള്ളി താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ നിർമ്മാണം നടത്തുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ടെണ്ടർ ലഭിച്ച സ്ഥാപനത്തിന് ടെണ്ടർ ഇളവ് നൽകിയതിന് എതിരെ ഫയൽ ചെയ്ത ഹർജിയിൻമേൽ ബഹു. ഹൈക്കോടതിയുടെ അനുമതിയില്ലാതെ തുടർ നടപടികൾ എടുക്കരുതെന്ന ഇടക്കാല ഉത്തരവ് ഉള്ളതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. കോടതിയിൽ നിന്നുള്ള അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | തടസ്സങ്ങൾ ഒഴിവാക്കി നിർമ്മാണം തുടങ്ങുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ നിർമ്മാണം നടത്തുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ടെണ്ടർ ലഭിച്ച സ്ഥാപനത്തിന് ടെണ്ടർ ഇളവ് നൽകിയതിന് എതിരെ ഫയൽ ചെയ്ത ഹർജിയിൻമേൽ ബഹു. ഹൈക്കോടതിയുടെ അനുമതിയില്ലാതെ തുടർ നടപടികൾ എടുക്കരുതെന്ന ഇടക്കാല ഉത്തരവ് ഉള്ളതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. കോടതിയിൽ നിന്നുള്ള അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ